# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലാസ്ഥാന കാര്യാലയം-ജീവനക്കാര്യം- കേരള ജയിൽ പ്രിസൺസ് സ്പോർട്സ് മീറ്റ്-സംസ്ഥാനതല സംഘാടക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. 24-08-2023 തീയതിയിലെ സ.ഉ.(സാധാ) നം.2414/2023/HOME നമ്പർ ഉത്തരവ്.
2. 13/10/2022 തീയതിയിലെ കേരള ജയിൽ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് അസോസിയേഷന്റെ സമർപ്പണം.

**<u>ഉത്തരവ് നമ്പർ. E7-25337/2022/PrHQ; തീയതി : 07-02-2024</u>**

കേരള ജയിൽ വകുപ്പിൽ ആദ്യമായി പ്രിസൺസ് സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവ് നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ പ്രിസൺസ് മീറ്റ് നടത്തുന്നതിന് ദക്ഷിണ മേഖല ഡി. ഐ. ജി. ശ്രീ. സുധീർ റ്റി., ദക്ഷിണ മേഖല റീജ്യണൽ വെൽവെഫർ ഓഫീസർ ശ്രീ. മുകേഷ് കെ. വി., ജോയിന്റ് സൂപ്രണ്ട് ശ്രീ. റിജിൻ മോഹൻ എന്നീ ഉദ്യോഗസ്ഥർക്ക് ചുമതല നൽകി ഉത്തരവാകുന്നു.
<u>ചുമതല നൽകിയിരിക്കുന്ന ഉദ്യോഗസ്ഥർ അടിയന്തിരമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

1. സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥ സംഘടനകളുടെ പ്രതിനിധികളെയും സ്പോർട്സ് മീറ്റ് വിജയിപ്പിക്കുന്നതിനു സഹായകമാകുന്ന ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വിപുലമായ സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്.
2. മേഖലാതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് ഉദ്യോഗസ്ഥർക്ക് ചുമതകൾ നൽകി സ്പോർട്സ് മീറ്റ് നടത്തേണ്ടതാണ്.
3. പ്രിസൺസ് സ്പോർട്സ് മീറ്റ് നടത്തുന്നതിന് ഒരു ബഡ്ജറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.
4. സ്പോർട്സ് മീറ്റിൽ സംഘടിപ്പിക്കുന്ന സ്പോർട്സ് ഇനങ്ങളും, തീയതയിയും തീരുമാനിച്ച് അറിയിക്കേണ്ടതാണ്.
5. സ്പോർട്സ് മീറ്റിന് അനുവദിച്ച സർക്കാർ ഫണ്ടിന്റെയും, ഉദ്യോഗസ്ഥരിൽ നിന്നും സമാഹരിക്കുന്ന സംഭാവനകളുടെയും വരവ്, ചെലവ് കണക്കുകൾ പ്രത്യേകം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും, അതിന് കൃത്യമായ രജിസ്റ്ററുകൾ പരിപാലിക്കേണ്ടതും, ആയവ ആഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി. ഐ. ജി. ദക്ഷിണ മേഖല/മദ്ധ്യ മേഖല/ഉത്തരമേഖ
തിരുവനന്തപുരം/തൃശ്ശൂർ/കോഴിക്കോട്

പകർപ്പ് : 1. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
2. ജയിൽ ആസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും/ജീവക്കാർക്കും
3. ഓഫീസേഴ്സ് ആന്റ് സബോഡിനേറ്റ് ഓഫീസേഴേസ് സംഘടന ഭാരവാഹികൾക്കും